പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2767 — 20/03/2015 ൽ മറുപടിയ്ക്ക്

## വിദ്യാലയങ്ങളിൽ കുടിവെള്ള സൗകര്യവും ശൗചാലയങ്ങളും

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : | | ശ്രീ: പി.കെ. അബ്ദുറബ്ബ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് കുടിവെള്ള സൗകര്യവും ശൗചാലയങ്ങളുമില്ലാത്ത എത്ര വിദ്യാലയങ്ങളുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) | കുടിവെള്ള സൗകര്യമില്ലാത്ത 2 സ്കൂളുകളും 9 വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളും ശൗചാലയമില്ലാത്ത 1 സ്കൂളും ഉണ്ട്. |
| ബി) ഇത്തരം വിദ്യാലയങ്ങളുടെ പേരും ഗവൺമെന്റ്, എയ്ഡഡ് മേഖലയിലുള്ളതാണോയെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ ; | (ബി) | കുടിവെള്ള സൗകര്യമില്ലാത്ത സ്കൂളുകൾ<br>1. ഗവൺമെന്റ് സ്കൂൾ, കറിച്ചി, ഗവൺമെന്റ്, കോട്ടയം ജില്ല.<br>2. ഗവൺമെന്റ് എൽ.പി.എസ് ആറ്റാശ്ശേരി, ഗവൺമെന്റ് ,പാലക്കാട് ജില്ല.<br>ശൗചാലയ സൗകര്യമില്ലാത്ത സ്കൂൾ<br>1. ഗവൺമെന്റ് ജി.ടി.ഡബ്ല്യു.യു.എൽ.പി.എസ് ആനവായ്, ഗവൺമെന്റ്, പാലക്കാട് ജില്ല.<br>ശൗചാലയം അപര്യാപ്തമായ ഗവഃ വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകൾ<br>1. ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ മൂലമറ്റം, ഇടുക്കി<br>2. ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ കുമളി, ഇടുക്കി<br>3. ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ (ഗേൾസ്), തൃശ്ശൂർ<br>4. ഗവ. (റ്റി.എച്ച്.എസ്) വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, തൃശ്ശൂർ<br>5. ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, മീഞ്ചന്ത, കോഴിക്കോട്<br>6. ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, മാപ്പിള, കൊയിലാണ്ടി, കോഴിക്കോട്<br>7. ഗവ. ഫിഷറീസ് ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, ബേപ്പൂർ, കോഴിക്കോട്. |

8. ഗവ. ഫിഷറീസ് ടെക്നിക്കൽ ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, വടകര, കോഴിക്കോട്.

9. ഗവ. വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ, കരിംകുറ്റി, വയനാട്

ഹയർ സെക്കണ്ടറി സ്കൂളുകളെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(സി) ഇത്തരം വിദ്യാലയങ്ങളിൽ കുടിവെള്ള സൗകര്യം, മൂത്രപ്പുര എന്നിവ സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ;

(സി) ഗവ. വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളുകളിൽ കുടിവെള്ള സൗകര്യം ലഭ്യമാക്കുന്നതിനും ടോയ്ലറ്റുകളും യൂറിനലുകളും നിർമ്മിക്കുന്നതിനുമായി 2012-13 സാമ്പത്തിക വർഷത്തിന്റെ അവസാനം ആകെ 377 ലക്ഷം രൂപ പ്ലാൻ ഫണ്ടിൽ നിന്നും വൊക്കേഷണൽ ഹയർ സെക്കന്ററി വകുപ്പിന് ഭരണാനുമതി നൽകി. ടി പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ടി തുകയിൽ നിന്ന് എല്ലാ ജില്ലാകളക്ടർമാർക്കും അതാത് ജില്ലയിലെ സ്കൂളുകൾക്ക് വേണ്ട തുകകൾ വകുപ്പ് റിലീസ് ചെയ്തിട്ടുണ്ട്. ഹയർ സെക്കണ്ടറി സ്കൂളുകളെ സംബന്ധിക്കുന്ന വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്

(ഡി) പുതിയ അധ്യയന വർഷത്തിൽ പ്രസ്തുത സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ ?

(ഡി) കുടിവെള്ള സൗകര്യവും ശൗചാലയങ്ങളും വിദ്യാർത്ഥികൾക്ക് ആനുപാതികമായി കുറവുള്ള സ്കൂളുകളിൽ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ സഹകരണത്തോടെ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

Padmakumari

സെക്ഷൻ ഓഫീസർ